 റ്റി.വി(1) 5522/2021

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി - 05.07.2021

കൃഷി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം :- കൃഷി വകുപ്പ് - അവാർഡുകളും സമ്മാനങ്ങളും നൽകൽ 2021 – അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന :- 29.06.2021 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. 2021 വർഷത്തെ കൃഷി വകുപ്പ് മുഖേന നൽകുന്ന കർഷക അവാർഡുകൾ പുന:ക്രമീകരിച്ച് അവാർഡ് തീരുമാനിക്കുന്നതിനായി കേരളത്തിലെ വിവിധ കാർഷിക മേഖലകളിലെ കർഷകരുടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും അവാർഡിനുള്ള അപേക്ഷകൾ/നാമനിർദ്ദേശ പത്രികകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിലെ അനുബന്ധം 1 പ്രകാരം കൃഷിഭവൻ, ജില്ലാതല കമ്മിറ്റി, കൃഷിഡയറക്ടറേറ്റ് എന്നിവടങ്ങളിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതികൾ യഥാക്രമം 06.07.2021, 09.07.2021, 13.07.2021 എന്നിങ്ങനെയാണ് നിശ്ചയിക്കപ്പെട്ടിരുന്നത്. പ്രസ്തുത തീയതികൾ യഥാക്രമം 09.07.2021, 13.07.2021, 16.07.2021 എന്നിങ്ങനെ പുനർ നിശ്ചയിച്ചിരിക്കുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

**വിശ്വസ്തതയോടെ**

**ഒപ്പ്/-**

ഡയറക്ടർ
**കാർഷിക വികസന**
**കർഷകക്ഷേമ വകുപ്പ്**

Director of Agriculture (AR & T)
Directorate of Agriculture,
Vikas Bhavan, Thiruvananthapuram

പകർപ്പ്

1. പി.ഐ.ഒ, എഫ്.ഐ.ബി (ആകാശവാണി ദൂരദർശൻ, ദിനപ്പത്രങ്ങൾ എന്നിവയ്ക്ക് പരസ്യം നൽകുന്നതിന്)
2. ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ ഓഫ് റിസർച്ച്(കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര)
4. അഡീഷണൽ ഡയറക്ടർ(മണ്ണ് സംരക്ഷണം. തിരുവനന്തപുരം.)
5. ഡയറക്ടർ, സിപിസിആർഐ, സിറ്റിസിആർഐ (ആമുഖ കത്ത് സഹിതം)
6. കിസാൻ III റ്റിഎംകെ (പരസ്യം നൽകുന്നതിനായി)
7. ഡയറി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
8. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
9. ഐ.റ്റി. സെൽ, വെബ്സൈറ്റ് പബ്ലിഷിംഗിന് വേണ്ടി
10. സ്റ്റോക്ക് ഫയൽ/അധികം.